**പതിമൂന്നാം കേരളനിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2442 18.12.2012-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പാറമടകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്യുതൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** കേന്ദ്ര നിയമം മൂലം സംസ്ഥാനത്തെ പാറമടകളുടെ പ്രവർത്തനം നിലച്ചതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ | **(എ)** കേന്ദ്രം പുതിയതായി ഈ വിഷയത്തിൽ നിയമങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ചെറുകിട ധാതുക്കളുടെ ഖനനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി 27.02.12-ൽ ഒരു ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആ വിധിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കേണ്ടതുണ്ട്. |
| **(ബി)** ഏതെല്ലാം സ്ഥലത്തെ പാറക്വാറികൾ ആയി ഉപയോഗിക്കാൻ കഴിയുമെന്നാണ് കേന്ദ്ര നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയുമോ;<br>**(സി)** പാറമടകൾ പ്രവർത്തിക്കുന്നതിനായി വ്യവസ്ഥകളിൽ ഇളവ് ചെയ്യുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;<br>**(ഡി)** ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | **(ബി, സി & ഡി)** ഈ വിഷയത്തിൽ കേന്ദ്രഗവൺമെൻറ് പുതിയതായി നിയമ നിർമ്മാണം നടത്തിയിട്ടില്ല. എന്നാൽ സുപ്രീംകോടതി ചെറുകിട ധാതുക്കളുടെ ഖനനം സംബന്ധിച്ച് 27.02.12-ൽ ഒരു ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് എപ്രകാരം പ്രാവർത്തികമാക്കാം എന്നത് സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കേണ്ടതിലേക്ക് ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ